(ഡി) ഇല്ല.

## വ്യവസായവകുപ്പിലെ സ്പെഷ്യൽ റൂൾസ്

**25 (2822)**ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ഇല്ലെങ്കിൽ അതിനു വേണ്ടിയുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) സ്പെഷ്യൽ റൂൾസ് നിലവിലില്ലാതെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ നേരിട്ടുള്ള നിയമനം നടത്തുന്നതിന് നടപടികൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) കേരളാ ഇൻഡസ്ട്രീസ് സർവ്വീസിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. എന്നാൽ കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ്സ് സർവ്വീസിന് സ്പെഷ്യൽ റൂൾസ് നിലവിലില്ല. അത് രൂപീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കരട് ചട്ടങ്ങൾ കെ.പി.എസ്.സി യുടെ അംഗീകാരത്തിനായി 25-11-1998-ൽ അയച്ചിരിക്കുകയാണ്. പി.എസ്.സി.യുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസിന് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലെങ്കിലും 6-6-64-ലെ ജി.ഒ.(എം.എസ്.) 380/ഇൻഡസ്ട്രീസ് പ്രകാരം ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്റ്റർക്കും 23-862-ലെ ജി.ഒ.(എം.എസ്.) 600/ഇൻഡ്. പ്രകാരം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്കും 4-6-1997-ലെ ജി.ഒ.(പി) 94/90/ഐ.ഡി. പ്രകാരം അസിസ്റ്റന്റ് ഡയറക്ടർക്കും ഉള്ള നിയമനരീതിയും യോഗ്യതയും നിർണ്ണയിച്ചിട്ടുണ്ട്. അതുപ്രകാരം മേൽപ്പറഞ്ഞ തസ്തികകളിലേക്ക് നേരിട്ടു നിയമനം നടത്താവുന്നതാണ്. അവയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

## പുനലൂർ പേപ്പർമിൽ തുറക്കാൻ നടപടി

**26 (2823)**ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മിൽ എന്നുമുതലാണ് പ്രവർത്തിക്കാതായത്;

(ബി) ഈ മിൽ പൂട്ടാൻ ഉണ്ടായ സാഹചര്യം എന്തായിരുന്നു;

(സി) ഈ മില്ലിന് എവിടെയെല്ലാം ബാദ്ധ്യതകൾ ഉണ്ട്; എത്രവീതം; വ്യക്തമാക്കുമോ;

(ഡി) ഇതു തുറന്നു പ്രവർത്തിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly